പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **3006** **21. 06. 2013**- ലെ മറുപടി

<u>കുവൈറ്റിൽ നിന്ന് തിരിച്ചുവരുന്നവർക്ക് പുനരധിവാസ പദ്ധതി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
| --- | --- |
| <u>ശ്രീ. കെ. വി. വിജയദാസ്</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) കുവൈറ്റിൽ നിന്നും തിരിച്ചുവരുന്ന പ്രവാസി മലയാളികളുടെ പുനരധിവാസത്തിനും തൊഴിൽ സംരക്ഷണത്തിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നുള്ള വിവരം നൽകുമോ ? | (എ) തിരികെയെത്തിയ പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങളിലൂടെ സുസ്ഥിര വരുമാനം എന്ന ലക്ഷ്യത്തോടെ നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന ഒരു സമഗ്ര പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിനായി 2012 –13 ൽ 1 കോടി രൂപ നൽകുകയും 2013–14 ൽ 2 കോടി 97 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. പ്രവാസികൾക്ക് ഇതിനായി അപേക്ഷ സമർപ്പിക്കുന്നതിന് 2013 ജൂൺ 30 വരെ സൌകര്യമേർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഗൾഫ് രാജ്യങ്ങളിൽ സ്വദേശിവത്കരണം കർശനമാക്കിയ സാഹചര്യത്തിൽ തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി സമഗ്ര പദ്ധതികൾ രൂപീകരിയ്ക്കുന്നതിനായി സംസ്ഥാന സർക്കാർ നോർക്ക വകുപ്പുമന്ത്രി ചെയർമാനായി ഒരു ക്യാബിനറ്റ് സബ്കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ഇൻഫ്രാസ്ട്രക്ചർ കേരളാ ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ ചെയർമാനായി ഈ കമ്മിറ്റി നിയോഗിച്ച ഉപസമിതി കരട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അത് ക്യാബിനറ്റ് സബ്കമ്മിറ്റിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ